കേന്ദ്രങ്ങളിലൂടെയും മൊബൈൽ വാനിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീര കാർഷിക സർവ്വകലാശാലയുടെ ഔട്ട്‌ലെറ്റുകളിലൂടെയും വിപണനം നടത്തുന്നുണ്ട്. നീര ഉല്പാദനത്തിനായി നടപ്പുവർഷം ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത യൂക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിന് യൂക അനുവദിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നീര വെന്റിംഗ് മെഷീൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ആറളം ഫാമിൽ നീര പ്ലാന്റ് സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നീര ഉല്പാദനം

147 (1618) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത് ;വ്യക്തമാക്കുമോ;

(ബി) നീര ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ മുഖേനയും കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾ മുഖേനയും നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ഇതിലൂടെ നീര ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് നീര വിപണിയിലെത്തിക്കാവാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത യൂക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. നീരയിൽ നിന്നും ഉപ ഉത്പന്നങ്ങൾ തയ്യാറാക്കുകയും വിപണനം ചെയ്യുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഗ്രാമ പ്രദേശങ്ങളിൽ തൊഴിൽ വർദ്ധിപ്പിക്കാനുമുള്ള സാധ്യതകൾ ലക്ഷ്യമിട്ടാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കാർഷിക കോളേജിൽ പൈലറ്റ് പ്ലാന്റ് തലത്തിലും കാർഷിക കോളേജ് വെള്ളായണിയിൽ പരീക്ഷണാടിസ്ഥാനത്തിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഉല്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ

148 (1619) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്ന് കേരചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺസ്ട്രേഷൻ സംഘടിപ്പിക്കുകയും നീരയുല്പാദനത്തിനുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നതിലൂടെ നീരയുടെയും അനുബന്ധ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉല്പാദനത്തിനും വിപണനത്തിനും വേണ്ടത്ര പ്രചാരം നൽകുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയുമാണ് പൈലറ്റ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

(സി) തെങ്ങിൽ നിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിക്കുകയും 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലും പരീക്ഷണാടിസ്ഥാനത്തിൽ പൈലറ്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly